# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4021 16-03-2017 ൽ മറുപടിക്ക്

## പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമ നിയമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | വകുപ്പിൽ നിന്നും ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| ബി) | പ്രസ്തുത സംഘങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആവശ്യമായ സഹായം പട്ടികജാതി വികസന വകുപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | ബി) | പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വകുപ്പ് സഹായം നൽകുന്നുണ്ട്.<br><br>പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സ്വാശ്രയ ഗ്രൂപ്പുകളിൽ സാമ്പത്തിക പുരോഗതി ഉണ്ടാക്കുക, ഗ്രൂപ്പുകൾക്ക് തിരിച്ചടവ് ശേഷി വർദ്ധിപ്പിക്കുക എന്നിവയിലൂടെ സഹകരണ സംഘങ്ങളെ ലാഭത്തിലേക്ക് നയിക്കുക, സ്വാശ്രയ ഗ്രൂപ്പുകളിലൂടെ പട്ടികജാതി ജനവിഭാഗങ്ങളെ സ്വയം പര്യാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി തുക വിനിയോഗിക്കുന്നു. ഇതിനു പുറമെ SCST ഫെഡറേഷൻ മുഖേന സന്നദ്ധ സംഘങ്ങളെ സഹായിക്കുന്നതിനായി 1 കോടി രൂപ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ